15 -ാം കേരള നിയമസഭ

6 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 321 — 23-08-2022 - ൽ മറുപടിയ്ക്ക്

## ഏകീകൃത തദ്ദേശ പൊതുസർവ്വീസ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ഏകീകൃത വകുപ്പിന്റെയും സ്റ്റേറ്റ് സർവ്വീസിന്റെ സബോർഡിനേറ്റ് സർവ്വീസിന്റെ അംഗീകരിച്ച വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | തസ്തിക സൃഷ്ടിക്കൽ, അപ്ഗ്രഡേഷൻ, പുനർനാമകരണം എന്നിവ ഉൾപ്പെട്ട ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ 22/06/2022-ലെ മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം മന്ത്രിസഭായോഗം അംഗീകരിച്ച വിശേഷാൽ ചട്ടങ്ങൾ 22.08.2022ൽ ചേർന്ന സബ്ജക്ട്കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ സബ്ജക്ട്കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ നോട്ടിഫിക്കേഷൻ ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | തദ്ദേശ പൊതുസർവീസിലെ സമാന തസ്തികകളിൽ നിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ഇത്തരത്തിൽ സമാന തസ്തികകൾ പരസ്പരം ട്രാൻസ്ഫറുകൾ നടത്തുവാൻ സാധിച്ചില്ലെങ്കിൽ പൊതു സർവീസ് രൂപീകരണം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ; | (ബി) | ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ നോട്ടിഫിക്കേഷൻ ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് സമാന തസ്തികകളിൽ നിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുവാൻ സാധിക്കുന്നതാണ്. |
| (സി) | പൊതുസർവ്വീസിന്റെ ഭാഗമായി വരുന്ന മുഴുവൻ ജീവനക്കാർക്കും ജി.സ്പാർക്ക് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | പൊതുസർവ്വീസിന്റെ ഭാഗമായി വരുന്ന മുഴുവൻ ജീവനക്കാർക്കും ജി.സ്പാർക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | നിലവിൽ അസിസ്റ്റന്റ് സെക്രട്ടറിമാർ ഇല്ലാത്ത പഞ്ചായത്തുകളുടെ വിശദാംശം നൽകാമോ; പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ എന്തെല്ലാമാണ്; അത് മറികടക്കുവാൻ | (ഡി) | അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു.<br><br>അമ്പൂരി, കള്ളിക്കാട്, കാഞ്ഞിരംകുളം, കിളിമാനൂർ, കുറ്റിച്ചൽ, മടവൂർ, ഒറ്റശേഖരമംഗലം, പനവൂർ, പൂവ്വാർ, തിരുപുറം, മൺട്രോതുരുത്ത്, പട്ടാഴി, വടക്കേക്കര, പെരയം, ആനിക്കാട്, നെടുമ്പ്രം, റാന്നിഅങ്ങാടി, |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | ളുമ്പമൺ, കൊഴുവനാൽ, മീനാടം, മേലുകാവ്, മൂന്നിലവ്, പൂഞ്ഞാർ, റ്റി.വി പുരം, തീക്കോയി, തലനാട്, തലപ്പാലം, തലയാഴം, വെളിയന്നൂർ, മുതുകുളം പെരുമ്പളം, വീയപുരം, വെളിയനാട്, കടക്കരപ്പള്ളി, തകഴി, മുട്ടാർ, പാണ്ടനാട്, ആലക്കോട്, അയ്യപ്പൻ കോവിൽ, ബൈസൺവാലി, ഇടവെട്ടി, ഇരട്ടയാർ, കരിംകുന്നം, കോടിക്കുളം, കൊക്കയാർ, മണക്കാട്, കുമാരമംഗലം, മാങ്കുളം, മരിയാപുരം മുട്ടം, പുറപ്പുഴ, വെള്ളിയാമറ്റം, കാന്തല്ലൂർ, കടയത്തുർ, എടയ്ക്കാട്ടു വയൽ, കഴപ്പിള്ളി, അയ്യമ്പുഴ, വാരപ്പെട്ടി, വല്ലച്ചിറ, പൂമംഗലം, ഒരുമനയൂർ, ലവഞ്ചേരി, എരുത്തേമ്പതി, മലമ്പുഴ, പട്ടഞ്ചേരി, പൊൽപ്പള്ളി, പുതുക്കോട്, വെള്ളിനേഴി, പെരുമണ്ണക്ലാരി, തുവ്വൂർ, തെന്നല, കുത്താളി, വെങ്ങപ്പള്ളി, തരിയോട്, ബെള്ളൂർ, കമ്പഡാജെ, വലിയപറമ്പ<br><br>അസിസ്റ്റന്റ് സെക്രട്ടറി നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ